(സി) ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കുന്നതിന് താലൂക്ക് തലത്തിൽ പരീക്ഷ നടത്തി അതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ. ബി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഗസ്റ്റ്ലക്ചറർ നിയമനം സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതുവരെയുള്ള ഒരു താത്ക്കാലിക സംവിധാനം മാത്രമാണ് അതിനാൽ നിർദ്ദേശം പരിഗണനാർഹമല്ല.

(ഡി) ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ, പി. ടി. എ. പ്രസിഡന്റ്, സബ്ജക്ട് എക്സ്പേർട്ട് എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തിയാണ് ഗസ്റ്റ്ലക്ചറർമാരെ നിയമിക്കുന്നത്. അധ്യാപക തസ്തികയ്ക്ക് സ്പെഷ്യൽ റൂൾസിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ളവരെ മാത്രമേ ഗസ്റ്റ്ലക്ചറർ നിയമനത്തിന് പരിഗണിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം പരാതികൾക്ക് അടിസ്ഥാനമില്ല. ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ നിലവിൽ വന്ന സ്ഥിതിക്ക് പി. എസ്. സി. വഴി നിയമനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്.

എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനം

134 [753] ശ്രീ. അടൂർ പ്രകാശ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് തസ്തികയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പി. എസ്. സി. മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ തസ്തികയിൽ കഴിഞ്ഞ അദ്ധ്യയന വർഷം (2003-04)എത്ര പേർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞു;

(സി) എത്ര പേർക്ക് ഹയർ സെക്കന്ററി ടീച്ചർമാരായും ഹെഡ്മാസ്റ്റർമാരായും 2003-04-ൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ഡി) മേൽപ്പറഞ്ഞ ഒഴിവുകളുള്ള ഏതെല്ലാം സ്കൂളുകളിൽ ഡിവിഷൻ ഫാൾ മൂലം തസ്തിക നഷ്ടപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാക്കി വന്ന ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്) പി. എസ്. സി. വഴി നേരിട്ടുള്ള നിയമനപ്രകാരമല്ലാതെ തിരുവനന്തപുരം ജില്ലയിൽ ഈ തസ്തികയിൽ എത്ര പേർക്ക് നിയമനം നൽകി; ഏതെല്ലാം രീതിയിൽ എന്ന് വ്യക്തമാക്കാമോ;

(ജി) 2003-04 അദ്ധ്യയന വർഷം ഈ തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ എത്ര ഒഴിവുകൾ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തു; ഇതിൽ എത്ര പേർക്ക് നിയമനം നൽകി;

(എച്ച്) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ഐ) ഈ ഒഴിവുകൾ പി. എസ്. സി.-യ്ക്ക് എത്രയും വേഗം റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 60 പേർക്ക്.

(ബി) 10 പേർ പെൻഷൻ പറ്റിപ്പിരിഞ്ഞു.

(സി) 18 പേർക്ക് ഹയർ സെക്കന്ററി ടീച്ചർമാരായും 2 പേർക്ക് ഹെഡ്മാസ്റ്റർമാരായും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി)
1. ജി. എച്ച്. എസ്. ഫോർ ഗേൾസ്, ചാല.
2. ജി. എച്ച്. എസ്. ഫോർ ഗേൾസ്, കോട്ടൻ ഹിൽ
3. ജി. എച്ച്. എസ്. ഫോർ ബോയ്സ്, കന്യാകുളങ്ങര
4. ഗവ. മെഡിക്കൽ കോളേജ് എച്ച്. എസ്., തിരുവനന്തപുരം.
5. ജി. എച്ച്. എസ്. ഫോർ ഗേൾസ്, പേരൂർക്കട.
6. ഗവ. മോഡൽ എച്ച്. എസ്., തൈയ്ക്കാട്, തിരുവനന്തപുരം.
7. ജി. എച്ച്. എസ്. ഫോർ ബോയ്സ്, നെടുമങ്ങാട്.
8. ജി. എച്ച്. എസ്., പൂവത്തൂർ.
9. ജി. എച്ച്. എസ്., തിരുപുറം.
10. ജി. എച്ച്. എസ്., നെയ്യാർഡാം.

LIBRARY ARCHIVES Kerala Legislative Assembly